6 31
17/1/15

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 'എന്റെ കൂട്' പദ്ധതി കോഴിക്കോട് ജില്ലയോടൊപ്പം തിരുവനന്തപുരം ജില്ലയിലും നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.15/2015/സാനീവ തിരുവനന്തപുരം, തീയതി 13.01.2015.

==========================================================================

പരാമർശം : 1. 11.12.2013 ലെ സ.ഉ.(സാധാ)608/13/സാനീവ നമ്പർ ഉത്തരവ്

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.11.2014 ലെ ജി3- 26947/13 നമ്പർ കത്ത്.

3. 18.11.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

**ഉത്തരവ്**

സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടുകൂടി നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിഭാവനം ചെയ്ത 'എന്റെ കൂട് ' പദ്ധതി പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്നതിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയും ഇതിലേയ്ക്കായി ആകെ 58.10 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവായിരുന്നു.

2. കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പ് കൈമാറിയിട്ടുള്ള കെട്ടിടം 2013-14 സാമ്പത്തിക വർഷം 36 ലക്ഷം രൂപ ചെലവഴിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തന സജ്ജമാക്കിയതായി സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിൽ പുതിയതായി 'എന്റെ കൂട് ' പദ്ധതി നടപ്പിലാക്കുന്നതിനും ഇതിനായി കോഴിക്കോട്, തിരുവനന്തപുരം ജില്ലകൾക്കായി 31,86,338/- രൂപ ക്രമത്തിൽ രണ്ടു ജില്ലകളിലേക്കുമായി ആകെ 63,72,676/- രൂപ അനുവദിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിച്ചു. ഇത് 18.11.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചു.

3. മേൽ സാഹചര്യത്തിൽ, 'എന്റെ കൂട്' പദ്ധതി പുതിയതായി തിരുവനന്തപുരം ജില്ലയിൽ കൂടി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയും കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ ടി പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ഒരു ജില്ലയ്ക്ക് 31,86,338/- രൂപ ക്രമത്തിൽ രണ്ട് ജില്ലകൾക്കുമായി ആകെ 63,72,676/- രൂപ (അറുപത്തിമൂന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അറുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101- 75 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷാജഹാൻ .എ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിന് )
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ